**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692** **17-03-2022 - ൽ മറുപടിയ്ക്ക്**

**വാഴൂർ 110 കെ വി സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ 110 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വെളിപ്പെടുത്താമോ? | (എ) | വാഴൂർ 110കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി വാഴൂർ കാനം കവലയ്ക്ക് സമീപം സ്വകാര്യ വ്യക്തിയിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. 2021 ഓഗസ്റ്റിൽ സ്ഥലം ഇലക്ട്രിസിറ്റി ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തു. സബ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള ലേ ഔട്ട് തയ്യാറാക്കുകയും അതിനു അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. സബ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ആയതിന്റെ പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. നിർമ്മാണ സ്ഥലം ക്രമപ്പെടുത്തുന്നതിലേക്ക് അധികമുള്ള മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള ലേല നടപടികൾ 2022 മാർച്ച് 10 ന് പൂർത്തീകരിച്ചിട്ടുണ്ട്. ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മണ്ണ് നീക്കം ചെയ്യുന്ന നടപടികൾ ആരംഭിക്കുന്നതാണ്. ഇതിലേയ്ക്ക് ആവശ്യമായ റോയൽറ്റി തുക അടയ്ക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. സൈറ്റ് ലെവലിംഗ്, മതിൽ കെട്ടൽ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞു. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങുന്നതാണ്. പദ്ധതി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന തീയതി 01/08/2023, തുക 15.2 കോടി രൂപ. |

സെക്ഷൻ ഓഫീസർ